# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **3413**      **19.10.16** -ൽ മറുപടിക്ക്

## ഭാരതപ്പുഴയുടെ കുറുകെയുള്ള തടയണ നിർമ്മാണം

**ചോദ്യം**

ശ്രീ.പി.കെ.ശശി

(എ) ബജറ്റ് പ്രസംഗം ഖണ്ഡിക 110 പ്രകാരമുള്ള പ്രത്യേക നിക്ഷേപ പരിപാടി പ്രകാരം വകയിരുത്തിയ 735 കോടി രൂപയിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയ്ക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ട്; ഇതിൽ ഷൊർണ്ണൂർ മുൻസിപ്പാലിറ്റിയ്ക്ക് മുഖ്യമായും, മറ്റു സമീപ പഞ്ചായത്തുകൾക്കു കൂടിയുമുള്ള "കടിവെള്ള സംഭരണത്തിനായുള്ള ഭാരതപ്പുഴയുടെ കുറുകെയുള്ള തടയണ" നിർമ്മാണത്തിനായി നീക്കിവച്ചിട്ടുള്ള തുക എത്ര; ഇതിന്മേൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചു വ്യക്തമാക്കാമോ;

(ബി) തടയണ നിർമ്മാണം 2008-ൽ തുടങ്ങിയെങ്കിലും നിലവിൽ ആയത് ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) തടയണയുടെ തുടർനിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ഭരണാനുമതി നാളിതുവരെ ലഭ്യമായോ; ഇല്ലെങ്കിൽ 2008-ൽ തുടങ്ങിയ നിർമ്മാണം മുടങ്ങുകയും പുതിയ സർക്കാർ പണം അനുവദിച്ചിട്ടും ഭരണാനുമതി ലഭ്യമാക്കാത്ത ഉദ്യോഗസ്ഥ നടപടി പരിശോധിച്ച് ഉടൻ തന്നെ ഭരണാനുമതി ലഭ്യമാക്കാനും പണി പൂർത്തീകരിക്കാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

**മറുപടി**

മാത്യു ടി തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും

ബജറ്റ് പ്രസംഗം ഖണ്ഡിക 110 പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ ഉൾപ്പെടെ 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കുമായി 735 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.ചേലക്കര മണ്ഡലത്തിൽ ഭാരത പുഴയ്ക്ക് കുറുകെ ചെറുതുരുത്തി പാലത്തിന് താഴ്ഭാഗത്തായി തടയണ നിർമ്മാണത്തിനായി റിവർമാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 5 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിയ്ക്കുകയും 41.29% അധിക നിരക്കിൽ കരാർ ഉടമ്പടി ചെയ്തു പ്രവൃത്തി തുടങ്ങുകയും ചെയ്തു. എന്നാൽ 10/1/2012 ൽ കരാറുകാരൻ മരണപ്പെടുകയും കരാറുകാരന്റെ നോമിനി പ്രവൃത്തി തുടരാൻ വിസമ്മതിയ്ക്കുകയും ചെയ്തതിനാൽ 2/4/2012 ൽ കരാർ റദ്ദ് ചെയ്തു. 2.80 കോടി രൂപ ഈ തടയണയ്ക്ക് വേണ്ടി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പിലെ നിരക്ക് മാറിയതിനനുസരിച്ച് 2012 ൽ 12.2 കോടി രൂപയ്ക്കും 2014 ൽ 14.5 കോടി രൂപയക്കും ബാക്കിയുള്ള പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നവെങ്കിലും റിവർമാനേജ്മെന്റ് ഫണ്ടിൽ അംഗീകാരം ലഭിക്കാത്തതിനാൽ പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. സൈറ്റ് കണ്ടീഷനിൽ വ്യതിയാനം സംഭവിച്ചിട്ടുള്ളതിനാൽ നിലവിലുള്ള രൂപകല്പന ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ കഴിയുകയില്ല. ആയതിനാൽ ടി തടയണയുടെ നിർമ്മാണത്തിന് പുതുക്കിയ പദ്ധതി സമയ ബന്ധിതമായി തയ്യാറാക്കുവാനായി സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ